## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 732** **10-02-2025 - ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ റിസ്ക് ഫണ്ട് ഇനത്തിൽ എത്ര കോടി രൂപയുടെ ആനുകൂല്യമാണ് വിതരണം ചെയ്തതെന്ന് അറിയിക്കുമോ; | (എ) | സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായമായി 20.05.2021 മുതൽ 04.02.2025 വരെയുള്ള കാലയളവിൽ 40,682 വായ്പകളിലായി 367,25,88,748/- രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | റിസ്ക് ഫണ്ട് ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മാരകരോഗം ബാധിക്കുന്ന /മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/ സംഘമാണ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നല്കുകയാണ് ചെയ്യുന്നത്. ബാങ്ക്/സംഘങ്ങളിൽ നിന്നും ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്.<br><br>അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ/ കൺകറണ്ട് ആഡിറ്റർ/ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ പരിശോധിച്ച് ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഏത് വർഷം, ഏത് മാസം വരെ ലഭിച്ച അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്നും എത്ര അപേക്ഷകളാണ് നിലവിൽ ബാക്കിയുള്ളതെന്നും വിശദമാക്കാമോ? | (സി) | 19,807 അപേക്ഷകൾ ബോർഡിൽ തീർപ്പ് കല്പിക്കാൻ ബാക്കിനില്പുണ്ട്. ആയതിൽ 10,682 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും ന്യൂനത പരിഹരിച്ച് |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടില്ലാത്തതുമാണ്. ശേഷിക്കുന്ന9,125 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുള്ള പുതിയ അപേക്ഷകളാണ്. ടി അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തീർപ്പാക്കിയ അപേക്ഷകളുടെ വർഷം, മാസം എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ലഭിച്ച് തീർപ്പാക്കിയിട്ടുള്ള അപേക്ഷകളുടെ വർഷം, മാസം, ജില്ല തിരിച്ചുള്ള കണക്ക്**

| **ജില്ല** | **വർഷം, മാസം** |
|---|---|
| തിരുവനന്തപുരം | 2024 സെപ്തംബർ |
| കൊല്ലം | 2024 ഒക്ടോബർ |
| പത്തനംതിട്ട | 2024 ഒക്ടോബർ |
| ആലപ്പുഴ | 2024 ഒക്ടോബർ |
| കോട്ടയം | 2024 ഡിസംബർ |
| ഇടുക്കി | 2024 മേയ് |
| എറണാകുളം | 2024 ഫെബ്രുവരി |
| തൃശ്ശൂർ | 2024 മാർച്ച് |
| പാലക്കാട് | 2024 സെപ്തംബർ |
| മലപ്പുറം | 2024 ജൂലായ് |
| കോഴിക്കോട് | 2024 ജൂലായ് |
| വയനാട് | 2024 ഒക്ടോബർ |
| കണ്ണൂർ | 2024 മാർച്ച് |
| കാസർഗോഡ് | 2024 ജനുവരി |

**സെക്ഷൻ ഓഫീസർ**